# മംഗളവാർത്തക്കാലം
## വചന വിചിന്തനം
### ദനഹാക്കാലം : ആറാം ഞായർ
### യോഹ 3,22-4,3

"അവൻ വളരുകയും ഞാൻ കുറയുകയും വേണം"
യോഹ 3,30

അവൻ വളരുകയും ഞാൻ കുറയുകയും വേണം എന്നു പറഞ്ഞവൻ,
അവന് വളരാനായ് ശിരസ് വരെ കുനിച്ച് കൊടുക്കുന്നു.
ഇങ്ങനെ ശിരസ് വരെ കുനിച്ചുകൊടുത്തവനെ
ക്രിസ്തു സാക്ഷ്യപ്പെടുത്തുന്നത് നോക്കൂ,
"സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ ഇവനേക്കാൾ വലിയവൻ ഇല്ല"

"ഞാൻ വളരുകയും നീ കുറയുകയും വേണം..." ഇത് പെരുന്തച്ചൻ കോംപ്ലക്സാണ്! "അവൻ വളരുകയും ഞാൻ കുറയുകയും വേണം..." ഇത് സ്നാപക കോംപ്ലക്സാണ്!

ക്രിസ്തുവും ശിഷ്യൻമാരും യൂദയാദേശത്തേക്കു പോയി താമസിക്കുകയും അവിടെ വച്ച് അവൻ സ്നാനം നൽകുകയും ചെയ്തു. യൂദയാദേശത്തിനരുകിലുള്ള ഏനോനിൽ വെള്ളം ധാരാളമുണ്ടായിരുന്നതിനാൽ അവിടെ സ്നാപകയോഹന്നാനും സ്നാനം നൽകിയിരുന്നു. ആളുകൾ അവന്റെ അടുത്തു വന്ന് സ്നാനം സ്വീകരിച്ചിരുന്നു. യൂദയാദേശത്ത് ക്രിസ്തു സ്നാനം നൽകുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ സ്നാപകന്റെ ശിഷ്യൻമാർ യോഹന്നാനെ സമീപിച്ചു പറഞ്ഞു:

"ഗുരോ, ജോർദാന്റെ അക്കരെ നിന്നോടു കൂടെയുണ്ടായിരുന്നവൻ, നീ ആരെപ്പറ്റി സാക്ഷ്യപ്പെടുത്തിയോ അവൻ, ഇതാ, ഇവിടെ സ്നാനം നൽകുന്നു. എല്ലാവരും അവന്റെ അടുത്തേക്കു പോവുകയാണ്."

ഇത് കേട്ട സ്നാപകയോഹന്നാൻ തന്റെ ശിഷ്യൻമാരെ പഠിപ്പിക്കുകയാണ്:

"സ്വർഗത്തിൽനിന്നു നൽകപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല."

ഇതിനുശേഷം സ്നാപകയോഹന്നാൻ ഒരു രഹസ്യം കൈമാറുന്ന വിധത്തിൽ തന്റെ ശിഷ്യൻമാരുടെ അടുത്ത് പറയുകയാണ്;

"ഞാൻ ക്രിസ്തുവല്ല. പ്രത്യുത, അവനുമുമ്പേ അയയ്ക്കപ്പെട്ടവനാണ് എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾതന്നെ സാക്ഷികളാണ്... എന്റെ ഈ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു. അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3,29-30).

ഒരു മനുഷ്യന് എന്തുമാത്രം താഴാൻ സാധിക്കും എന്നു ചോദിച്ചാൽ ഇത്രമാത്രം എന്നതുമാത്രമാണ് ഉത്തരം. "അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്ന് പറഞ്ഞവൻ അവന് വളരാനായ് സ്വന്തം ശിരസ് തന്നെ കുനിച്ച് കൊടുക്കുന്നു. ക്രിസ്തുവിന് വഴിയൊരുക്കാനായ് വന്നവൻ ക്രിസ്തുവിന് സ്നാനം നൽകുമ്പോൾ തന്നെ ക്രിസ്തുവിന്റെ ദൈവത്വം തിരിച്ചറിഞ്ഞവനാണ്. കാരണം, വി. മർക്കോസിന്റെ സുവിശേഷത്തിൽ ക്രിസ്തുവിന്റെ ജ്ഞാനസ്നാനത്തെ കുറിച്ച് സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്.

"യേശു ഗലീലിയിലെ നസറത്തിൽനിന്നുവന്ന്, ജോർദാനിൽവച്ച്

യോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചു. വെള്ളത്തിൽനിന്നു കയറുമ്പോൾ പെട്ടെന്ന് ആകാശം പിളരുന്നതും ആത്മാവു പ്രാവിൻെറ രൂപത്തിൽ തൻെറ മേൽ ഇറങ്ങിവരുന്നതും അവൻ കണ്ടു. സ്വർഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി: നീ എൻെറ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മർക്കോ 1,9-11).

ഈയൊരു ബോദ്ധ്യം തിരിച്ചറിവായ് മാറ്റിയതുകൊണ്ടാണ് ക്രിസ്തു യൂദയാദേശത്ത് സ്നാനം നൽകുന്നുവെന്ന് സ്നാപകയോഹന്നാന്റെ ശിഷ്യൻമാർ വന്നുപറയുമ്പോൾ സ്നാപകൻ തിരിച്ച് പറയുന്നത്;

"എൻെറ ഈ സന്തോഷം ഇപ്പോൾ പൂർണമായിരിക്കുന്നു" (യോഹ 3,29).

ഇത് ഇരുപത്തിയൊന്നാം നൂറ്റാണ്ടാണ്. എനിക്ക് വളരാനും വലുതാകാനും ആരുടെ കുതികാല് വെട്ടണം, ആരെ കുഴിയിലിറക്കി കോവണിയെടുത്തു മാറ്റി വയ്ക്കണം എന്നതൊക്കെയാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ സ്വഭാവം. ഇങ്ങനെയുള്ള കാലഘട്ടത്തിൽ സ്നാപകൻ നമുക്ക് അനുഗ്രഹീതമായ മാതൃകയാണ് കാണിച്ച് തരുന്നത്. "സ്വരുകൂട്ടലിന്റെ ആദ്ധ്യാത്മികതയിൽ നിന്ന് വിട്ടുകൊടുക്കലിന്റെ ആദ്ധ്യാത്മികത!"

ഒരിടത്ത് ഒരു മുക്കുവൻ ഉണ്ടായിരുന്നു.അയാൾ ദിവസവും കടലിൽ പോയി മീൻ പിടിച്ചാണ് കുടുംബം പുലർത്തിയിരുന്നത്. ഒരു ദിവസം അയാളുടെ ഭാര്യ മീൻ മുറിക്കുന്നതിനിടെ ഒരു മത്സ്യത്തിൻെറ ഉള്ളിൽ നിന്നും തിളങ്ങുന്ന ഒരു മുത്ത് കിട്ടി. അയാൾ അതുമായി ഒരു മുത്ത് കച്ചവടക്കാരനെ സമീപിച്ചു ചോദിച്ചു;

മണവാട്ടിയുള്ളവനാണ് മണവാളൻ...
ദൈവം കൂടെയുള്ളവനാണ് ദൈവപുത്രൻ!

"ഇതിന് എന്ത് വില കിട്ടും?"

കച്ചവടക്കാരൻ മുത്തു വാങ്ങി പരിശോദിച്ചിട്ടു പറഞ്ഞു;

"ഇത് വളരെ വിലപിടിപ്പുള്ള മുത്താണ്. ഇതിന്റെ വില എത്രയാണ് എന്ന് പറയാൻ എനിക്ക് സാധിക്കില്ല. അതുകൊണ്ട്, നീ ഇതുമായി പട്ടണത്തിൽ ചെന്ന് അന്വേഷിക്കുക."

ആ മുക്കുവൻ ആ മുത്തുമായി പട്ടണത്തിലെ പ്രമുഖ വ്യാപാരിയെ സമീപിച്ചു. വ്യാപാരി മുത്തു വാങ്ങി നന്നായി പരിശോദ്ധിച്ചതിനു ശേഷം പറഞ്ഞു;

"ഇത് അമൂല്യമായ മുത്താണ്. ഇതിന്റെ വില തരാൻ എനിക്ക് സാധിക്കില്ല. നീ ഭരണാധികാരിയെ പോയി കാണുക. അദ്ദേഹത്തിനേ ഇത് വാങ്ങാൻ കഴിയൂ."

മുക്കുവൻ മുത്തുമായി ഭരണാധികാരിയെ സമീപിച്ചു. അദ്ദേഹം മുത്ത് വാങ്ങി നോക്കിയിട്ട് പറഞ്ഞു;

"സുഹൃത്തേ, ഇത് ഞാൻ എടുത്ത് കൊള്ളാം... പകരം, എന്റെ ഖജനാവിൽ നിന്നും ഇഷ്ടമുള്ളതത്രയും നിനക്ക് എടുകാം. പക്ഷേ, ഒരു വ്യവസ്ഥയുണ്ട്. നിനക്ക് മൂന്ന് മണിക്കൂർ മാത്രമേ ഖജനാവിൽനിന്ന് എടുക്കുവാനുള്ള സമയമുള്ളൂ."

മുക്കുവൻ തിരിച്ച് പറഞ്ഞു;

"എനിക്ക് മൂന്ന് മണിക്കൂറൊന്നും വേണ്ട. ഞാനൊരു സാധാരണ മുക്കുവനാണ്."

ഭരണാധികാരി പറഞ്ഞു;

"ശരി, നിനക്ക് മൂന്ന് മണിക്കൂർ സമയം അനുവധിച്ചിരിക്കുന്നു..."

"സ്നാപകന്റെ ശിഷ്യൻമാരും ഒരു യഹൂദനും തമ്മിൽ ശുദ്ധീകരണത്തെപ്പററി തർക്കമുണ്ടായി..." തർക്കങ്ങൾ മനസ്സുകളെ തമ്മിൽ അകറ്റുന്നു. പിന്നെ, പരാതിയും പരിഭവവുമാണ്...

മുക്കുവൻ ഖജനാവിന്റെ അകത്ത് കയറി. ഖജനാവ് മൂന്നായി ഭാഗിച്ചിരിക്കുന്നു. ഒരു ഭാഗത്ത് നിറയെ വില പിടിപ്പുള്ള സ്വർണവും രത്നങ്ങളും. മറ്റൊരിടത്ത് കൊതിയൂറുന്ന ഭക്ഷണ വിഭവങ്ങൾ നിരത്തി വച്ചിരിക്കുന്നു. വീണ്ടും, മറ്റൊരിടത്ത് മുറിയിൽ വിശാലമായ കട്ടിലും മെത്തയും...

മുക്കുവൻ മനസ്സിൽ കരുതി. സമ്പാദ്യം ശേഖരിക്കാൻ മൂന്ന് മണിക്കൂറുണ്ട്. അതുകൊണ്ട്, വിഭവ സമൃദ്ധമായ ഭക്ഷണം കഴിച്ച് ശേഷം സ്വർണം ശേഖരിക്കാം. ഭക്ഷണം കഴിച്ചപ്പോൾ അൽപം വിശ്രമിക്കാം എന്ന് കരുതി അയാൾ പട്ടുമെത്തയിൽ കിടന്നു... പകലിന്റെ അദ്ധ്വാനത്തിന്റെ ക്ഷീണവും കുറെ നാളുകൾക്ക് ശേഷമുള്ള വിഭവസമൃദ്ധമായ ഭക്ഷണത്തിന്റെ ആലസ്യവും കൂടെയായപ്പോൾ അറിയാതെ അയാൾ ഉറങ്ങിപ്പായി....

പിന്നീട്, അയ്യാൾ ഞെട്ടിയുണരുന്നത്,

"സമയം തീർന്നു... പുറത്ത് വരൂ..." എന്നുള്ള വിളി കേട്ടുകൊണ്ടാണ്. അയാൾ ഞെട്ടി ഉണർന്നു... താൻ ഒന്നും ശേഖരിച്ചില്ല... "എനിക്കൊരൽപ്പം സമയം കൂടി തരൂ" എന്നയാൾ കരഞ്ഞ് പറഞ്ഞു. പക്ഷേ, നിരാശയായിരുന്നു ഫലം. അയാൾ അമൂല്യ സ്വത്ത് നഷ്ടപ്പെടുത്തി വീട്ടിലേക്ക് ദുഃഖിതനായി മടങ്ങി....

സുഹൃത്തേ, ഈ കഥയിലെ മുക്കുവന്റെ മുഖത്തേക്കൊന്നു സൂക്ഷിച്ച് നോക്കുക. നമ്മുടെ പ്രതിബിംബങ്ങളെ അവിടെ കാണാൻ സാധിക്കുന്നില്ലേ? ഇവിടെയാണ് സ്നാപകൻ നമ്മളെ പഠിപ്പിക്കുന്നത്, "സ്വരുകൂട്ടലിന്റെ ആദ്ധ്യാത്മികതയിൽ നിന്ന് വിട്ടുകൊടുക്കലിന്റെ ആദ്ധ്യാത്മികത!" നാം സ്വന്തമാക്കണമെന്ന്. വളരാനും ഉയരാനും വ്യക്തികളെയും സ്ഥാനങ്ങളെയും സാഹചര്യങ്ങളെയും എനിക്ക് എങ്ങനെ ഉപയോഗിക്കാം എന്നുള്ളതിൽ നിന്ന് മറ്റുള്ളവർക്ക് സന്തോഷവും ആനന്ദവും പങ്കുവയ്ക്കാൻ എനിക്ക് എന്ത് ചെയ്യാം എന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നിടത്താണ് സ്വർഗ്ഗം പിറവി കൊള്ളുന്നത്. വെട്ടിപിടിച്ച നേട്ടങ്ങളൊന്നും സ്വർഗ്ഗം സ്വന്തമാക്കാൻ സഹായിക്കുന്നില്ലയെന്നും പങ്കുവയ്ക്കുന്ന നിക്ഷേപങ്ങൾ മാത്രമാണ് സ്വർഗ്ഗത്തിലേയ്ക്ക് ഒരുവനെ അടുപ്പിക്കുന്നതെന്നും തിരിച്ചറിയാൻ മറന്നു പോകരുത്!

"നാം ദൈവത്തിന്റെ കരവേലയാണ്;
നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ
സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്."

എഫേ 2,10

ഫാ. ജോബി മേനോത്ത്
+91 944 7777 931